# SDPYBHS

PALLURUTHY




# ACADEMIC MASTER PLAN 2025-2026

| | | |
|---|---|---|
| വിദ്യാലയം | : | എസ്.ഡി.പി.വൈ.ബി.എച്ച്.എസ്. പള്ളുരുത്തി |
| ഫോൺ നമ്പർ | : | **995817610**<br>**7736367841** |
| സ്കൂൾ കോഡ് | : | **26056** |
| വിദ്യാഭ്യാസ ഉപജില്ല | : | മട്ടാഞ്ചേരി |
| റവന്യൂ ജില്ല | : | എറണാകുളം |
| ബി.ആർ.സി | : | മട്ടാഞ്ചേരി |
| സി ആർ സി | : | W/ഐലന്റ് |
| താലൂക്ക് | : | കൊച്ചി |
| ഇ.മെയിൽ | : | sdpybhs@gmail.com |
| സ്കൂൾ വിക്കി | : | ERNAKULAM[REVENUE DISTRICT]<br>ERNAKULAM(EDUL-DISTRICT)<br>SDPYBHS,Palluruthy |

# അക്കാദമിക മാസ്റ്റർപ്ലാൻ 2025-2026

## ആമുഖം

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസരംഗം അതിദ്രുതമായ പരിവർത്തനത്തിന് വിധേയ മാവുകയാണ്.സ്കൂളിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും നീതിയിലും തുല്യതയിലും അധിഷ്ഠിതമായ ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കുകയെന്നതാണ് ലക്ഷ്യം. ഓരോ കുട്ടിയുടെയും ഇടമായി പൊതുവിദ്യാലയങ്ങളെ വികസിപ്പിക്കാൻ കഴിയണം. അതിനു കഴിയണമെങ്കിൽ കുട്ടികളുടെ പൊതുമികവുകൾ ഉൾക്കൊള്ളാനും അവയെ അംഗീകരിച്ച് കൂടുതൽ മികവുള്ളവരാക്കിത്തീർക്കാനും സാധിക്കണം.കൂട്ടായ പ്രവർത്തനത്തിലൂടെ എല്ലാവരുടെയും മികവുകൾ വളർത്താൻ ആവശ്യമായ പഠനപ്രക്രിയയും അന്തരീക്ഷവും ഒരുക്കുന്നതോടൊപ്പം ഓരോ കുട്ടിയുടെയും സവിശേഷ കഴിവുകളെ കണ്ടെത്തി അത് ഏറ്റവും ഉന്നതിയിലേക്ക് എത്തിക്കാൻ അവസരം ഉറപ്പാക്കുക എന്നത് പുതിയ പാഠ്യപദ്ധതിയുടെ മുഖ്യലക്ഷ്യമാണ്.

വ്യക്തിയുടെയും സമൂഹത്തിന്റെയും സമഗ്ര വികസനം സാധ്യമാകണം. ഭരണഘടന മുന്നോട്ടുവയ്ക്കുന്ന ജനാധിപത്യം, മതനിരപേക്ഷത,സാമൂഹ്യനീതി, ലിംഗതുല്യത, ശാസ്ത്രബോധം പരിസ്ഥിതിബോധം എന്നിവയിൽ ഊന്നുന്നതാണ് പാഠ്യപദ്ധതിസമീപനം. പൊതുവിദ്യാഭ്യാസ രംഗത്ത് സമഗ്രമായി ഇടപെടലിന് വേദിയൊരുക്കുന്ന പ്രവർത്തനങ്ങൾക്ക് രൂപം നൽകുക എന്നതാണ് സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി.സ്കൂൾതലത്തിൽ അക്കാദമിക നിലവാരം വർദ്ധിപ്പിക്കുക എന്നതാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം. ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് പ്രവർത്തനങ്ങൾ നടത്തണം.

## 5 D മാതൃകയിലാണ് ഈ വർഷത്തെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

**5 പ്രധാന ഘട്ടങ്ങൾ**

• Define (നിർവചിക്കുക): പ്രശ്നമോ ലക്ഷ്യമോ വ്യക്തമായി തിരിച്ചറിയുകയും നിർവചിക്കുകയും ചെയ്യുക.

• Design (രൂപകൽപ്പന ചെയ്യുക): ലക്ഷ്യം നേടാനാവശ്യമായ പ്രവർത്തനങ്ങളും തന്ത്രങ്ങളും ആസൂത്രണം ചെയ്യുക.

• Deliver (നടപ്പിലാക്കുക): ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

• Document (രേഖപ്പെടുത്തുക): പ്രവർത്തനങ്ങളുടെ ഓരോ ഘട്ടവും ഫലങ്ങളും രേഖപ്പെടുത്തുക.

• Dissimilation (പ്രചരിപ്പിക്കുക): നേടിയ അറിവുകളും വിജയകരമായ മാതൃകകളും മറ്റുള്ളവരിലേക്ക് എത്തിക്കുക/പ്രചരിപ്പിക്കുക.

**2025 -2026 അധ്യയനവർഷത്തെ ഊന്നൽ മേഖലകൾ**

1) ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുക

2) അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക

3) മൂല്യനിർണ്ണയ രീതിശാസ്ത്രം കാര്യക്ഷമമാക്കുക/പരിഷ്കരിക്കുക

4) സാങ്കേതിക വിദ്യാസൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക

5) അക്കാദമിക മോണിറ്ററിംഗ്/ഫലവിശകലനം കാര്യക്ഷമമാക്കുക

6) ഗവേഷണ പ്രവർത്തനങ്ങൾ - കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ കണ്ടെത്താൻ പഠനങ്ങൾ നടത്തുക.

7) പരിശീലന പ്രവർത്തനങ്ങൾ / ക്ലസ്റ്ററുകൾ – പരിശീലനത്തിൽ ലഭിച്ച പുതിയ ആശയങ്ങളും സങ്കേതങ്ങളും പ്രാവർത്തികമാക്കുക.

8) വിദ്യാലയ സമിതികൾ മറ്റ് വകുപ്പുകൾ സ്ഥാപനങ്ങളുമായുള്ള സഹകരണവും പിന്തുണയും

| മലയാളം യു.പി വിഭാഗം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.അക്ഷരം ഉറപ്പിക്കലിലൂടെ എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനുമുള്ള ശേഷി ഉറപ്പിച്ച് ഭാഷാപരമായപിന്നാക്കാവസ്ഥയെ പരിഹരിക്കൽ | ➢ അക്ഷരം ഉറപ്പിക്കൽ<br>➢ ചിഹ്നം ഉറപ്പിക്കൽ<br>➢ പദനിർമ്മാണം<br>➢ വാക്യനിർമ്മാണം<br>➢ ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 1 മാസം<br>1 മാസം<br>1 മാസം<br>1 മാസം<br>വർഷാവസാനം വരെ തുടരുന്ന പ്രവർത്തനം | മലയാളം ഭാഷാ-ധ്യാപകർ | പി.ടി.എ |
| 2.വായനാശീലം കുട്ടികളിൽ പ്രോത്സാഹിപ്പിക്കാൻ | ➢ ക്ലാസ്സ് ലൈബ്രറി<br>➢ വായനക്കൂട്ടം<br>➢ റീഡിങ് റൂം<br>➢ പത്രവായന<br>➢ വായനോത്സവം | ഒരു മാസം മുതൽ ഒരു വർഷം വരെ | ക്ലാസ് അധ്യാപിക<br>മലയാളം അധ്യാപിക<br>വിദ്യാരംഗം | പി.ടി.എ |
| 3.കുട്ടികളുടെ സർഗാത്മക വാസന കൂടുതൽ മെച്ചപ്പെടുത്താൻ | ➢ ക്ലാസ് മാഗസിൻ മികച്ച ഗ്രൂപ്പ് പ്രവർത്തനങ്ങൾ ശേഖരിച്ച് കുട്ടികളുടെ രചനകൾ കണ്ടെത്തൽ | ഒരു മാസം മുതൽ ഒരു വർഷം വരെ | വിദ്യാരംഗം<br>ക്ലാസ് അധ്യാപിക<br>മലയാളം അധ്യാപിക | പി.ടി.എ |

| സംസ്കൃതം യു.പി,എച്ച്.എസ് വിഭാഗം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.അക്ഷരം ഉറപ്പിക്കലിലൂടെ എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനുമുള്ള ശേഷി ഉറപ്പിച്ച് ഭാഷാപരമായപിന്നാക്കാവസ്ഥയെ പരിഹരിക്കൽ | ➢ അക്ഷരം പഠനം,വായന മത്സരം<br>➢ മികവുകൾ പരിമിതികൾ കണ്ടെത്തൽ<br>➢ ക്ലബ്ബ് രൂപീകരണം<br>➢ രചനാപഠന കളരി | ജൂൺ മാസം | സംസ്കൃതം അധ്യാപിക | |
| 2.കുട്ടികളുടെ സർഗാത്മക വാസന കൂടുതൽ മെച്ചപ്പെടുത്താൻ | ➢ രചനാമത്സരങ്ങൾ,ക്വിസ് മത്സരങ്ങൾ<br>➢ പോസ്റ്റർ,പദകോശം,ശബ്ദകോശം നിർമ്മാണം<br>➢ ദിനാചരണം,അസംബ്ലികൾ | ജൂലൈ മാസം | സംസ്കൃതം അധ്യാപിക | |
| 3.വായനാശീലം കുട്ടികളിൽ പ്രോത്സാഹിപ്പിക്കാൻ | ➢ ചങ്ങല വായന,ലൈബ്രറിപുസ്തക വായന,ചിത്രപദകോശനിർമ്മാണം, വാചക നിർമ്മാണം, വായനാ മത്സരങ്ങൾ,ക്വിസ് മത്സരങ്ങൾ | ആഗസ്റ്റ് മാസം | സംസ്കൃതം അധ്യാപിക | |

| സംസ്കൃതം യു.പി,എച്ച്.എസ് വിഭാഗം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 4.സംസ്കൃതോത്സവത്തിനായി കുട്ടികളെ പ്രാപ്തരാക്കാൻ | ➢ വാക്യരചന,ചിത്രസംയോജനം,<br>➢ വീഡിയോപ്രദർശനം<br>➢ സംസ്കൃതോത്സവത്തിനായി തയ്യാറെടുക്കൽ | സെപ്തംബർ മാസം | സംസ്കൃതം അധ്യാപിക | |
| 5.കുട്ടികളുടെ സർഗാത്മക വാസന കൂടുതൽ മെച്ചപ്പെടുത്താൻ,ഭാഷാപരിജ്ഞാനം വളർത്താൻ | ➢ ചിത്രീകരണം,പ്രദർശിനി സമ്പുട നിർമ്മാണം,ക്വിസ് മത്സരങ്ങൾ, വായന മത്സരം,മത്സര പരീക്ഷകൾ,ചാർട്ട് പ്രദർശനം | ഒക്ടോബർ മാസം | സംസ്കൃതം അധ്യാപിക | |
| 6.കുട്ടികളുടെ സർഗാത്മക വാസന മെച്ചപ്പെടുത്താൻ, | ➢ അക്ഷരശ്ലോകസദസ്സ്,നാടകക്കളരി,കവിതാരചനാപരിശീലനം | നവംബർ മാസം | സംസ്കൃതം അധ്യാപിക | |
| 7.പ്രായോഗിക പരിജ്ഞാനം വളർത്താൻ | ➢ ഡിക്ഷ്ണറി നിർമ്മാണം,ഔഷധസസ്യ പ്രദർശനം,പരിചായനം | ഡിസംബർ മാസം | സംസ്കൃതം അധ്യാപിക | |

## സംസ്കൃതം യു.പി,എച്ച്.എസ് വിഭാഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 8.ഭാഷാപ്രാവീണ്യം നേടാൻ, ഭാഷാപഠനം സർഗ്ഗാത്മകമാക്കാൻ | ➢ സംഭാഷണ ക്ലാസ്സ്<br>➢ പഠനയാത്ര | ജനുവരി മാസം | സംസ്കൃതം അധ്യാപിക | |
| 9. പ്രവർത്തനങ്ങൾ പ്രചരിപ്പിക്കാൻ | ➢ സെമിനാറുകൾ<br>➢ എല്ലാ പ്രവർത്തനങ്ങളുടെയും മികവുകളുടെ അവതരണം | ഫെബ്രുവരി മാസം | സംസ്കൃതം അധ്യാപിക | |
| 10.മൂല്യനിർണ്ണയം നടത്താൻ | ➢ പരീക്ഷകൾക്കുള്ള പരിശീലനം,പരീക്ഷകൾ | മാർച്ച് മാസം | സംസ്കൃതം അധ്യാപിക | |

| ENGLISH UP SECTION | | | | |
|---|---|---|---|---|
| Aim | Activity | Period | Assigned by | Expense |
| 1.Development of listening,reading and writing skills | ➢ Make the learners to identify the letters and words<br>➢ Construct sentences<br>➢ Special class for backward children<br>➢ Adaptation for special need children<br>➢ Upgrading class library<br>➢ Giving simple instruction<br>➢ Reading newspaper | 1 year | English teachers | PTA |
| 2.Encourage all children to speak freely | ➢ Reading stories in the peer group and re-telling | 1 year | English teachers | PTA |

| ഹിന്ദി യു.പി വിഭാഗം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.യു.പി തലത്തിൽ എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷയോട് താല്പര്യം ഉണ്ടാക്കുക എല്ലാ കുട്ടികളിലും അക്ഷരങ്ങളും പദങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക | ➢ അക്ഷരം എഴുത്ത്<br>➢ ചിഹ്നം ഉറപ്പിക്കൽ<br>➢ വാക്കുകൾ എഴുതിയ കാർഡ്<br>➢ അക്ഷര കാർഡ്<br>➢ അക്ഷരമാല ചാർട്ട്<br>➢ വാക്കുകളും വാക്യങ്ങളും നിർമ്മിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | (അക്ഷരമാല ചാർട്ട്,വാക്കുകൾ എഴുതിയ കാർഡ് ,പുസ്തകം)<br>പി.ടി.എ |
| 2.ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മ ക രചനകൾ വികസിപ്പിക്കാനുമുള്ള അവസരങ്ങൾ നൽകൽ | ➢ ഹിന്ദി അസംബ്ലി,ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ<br>➢ ദിനാചരണങ്ങൾ<br>➢ കവിതാലാപനവും ആസ്വാദനവും<br>➢ പോസ്റ്റർ,സൂചനാബോർഡ് നിർമ്മാണം<br>➢ കവിതയിലെ വരികൾകൂട്ടിച്ചേർക്കൽ<br>➢ ചിത്ര സഹായത്തോടെ ചിത്രകഥ തയാറാക്കൽ | ജൂലൈ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | (പുസ്തകങ്ങൾ,വായനാക്കാർഡുകൾ)<br>പി.ടി.എ |

| ഹിന്ദി യു.പി വിഭാഗം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 2.ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മകത വികസിപ്പിക്കാനുമുള്ള അവസരങ്ങൾ നൽകൽ | ➢ വായന മൂല<br>➢ അധിക വായന സാമഗ്രികൾ<br>➢ ചിത്രം ആശയം പ്രകടിപ്പിക്കൽ<br>➢ ചിത്രം അടിക്കുറിപ്പ് | ജൂലൈ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | (പുസ്തകങ്ങൾ,വായനാക്കാർഡുകൾ)<br>പി.ടി.എ |
| 3.വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | ➢ വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>➢ ഐ.സി.ടി സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>➢ CWSN കുട്ടികളുടെ പങ്കാളിത്തം | സെപ്തംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി അധ്യാപകർ | ഹിന്ദി നിഘണ്ടു (മലയാളം-ഹിന്ദി)<br>പി.ടി.എ |
| 4.പഠനപിന്തുണ ആവശ്യമുള്ളവർക്ക് പിന്തുണ നൽകാൻ | ➢ ചെറിയ വായന കാർഡുകൾ പരിചയപ്പെടുത്തൽ. സ്വരം ,വ്യഞ്ജനം, ചിഹ്നം ഇവയുടെ ചാർട്ട്, ചെറിയ കവിത - ആലാപനവും ആസ്വാദനവും | ജൂൺ മുതൽ ഫെബ്രുവരി വരെ | | (അക്ഷരമാല ചാർട്ട് വായന കാർഡു കൾ)<br>പി.ടി.എ |

| സോഷ്യൽ സയൻസ് യു.പി വിഭാഗം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.പഠിതാക്കളെ ചരിത്ര ബോധം ഉള്ളവരാക്കി വളർത്തിയെടുക്കുക | ➢ ഐസിടി സാധ്യതകൾ ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തൽ | 1 മാസം | സോഷ്യൽ സയൻസ് അധ്യാപകർ | |
| 2.ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ➢ വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് - ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുക | 1 മാസം<br>വർഷം മുഴുവൻ | സോഷ്യൽ സയൻസ് അധ്യാപകർ | പി.ടി.എ |
| 3.പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുക | ➢ ഭൂകമ്പം,സുനാമി,കൊടുങ്കാറ്റ്,വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ചറിയാനും അഗ്നിശമന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിച്ച് രക്ഷാപ്രവർ ത്തനങ്ങളിൽ ഏർപ്പെടാനുമുള്ള അവസരം കുട്ടികൾക്ക് നൽകുക | ആഗസ്റ്റ് | സോഷ്യൽ സയൻസ് അധ്യാപകർ | പി.ടി.എ |

| ബേസിക് സയൻസ് യു.പി വിഭാഗം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.ചുറ്റുപാടുകളിൽ നിന്ന് ശാസ്ത്രത്തെ തിരിച്ചറിയാൻ | ➢ ഔഷധത്തോട്ടം,പച്ചക്കറിത്തോട്ടം ജൈവവേലി നിർമ്മാണം | വർഷം മുഴുവൻ | സയൻസ് അധ്യാപകർ | പി.ടി.എ |
| 2.ശാസ്ത്രപ്രക്രിയ ശേഷി വർദ്ധിപ്പിക്കാൻ | ➢ ചുറ്റുവട്ടത്ത് നിന്നും ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ലഘുവായ പരീക്ഷണങ്ങൾ ചെയ്യൽ<br>➢ സയൻസ് കിറ്റ് നിർമ്മാണം<br>➢ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br>➢ CWSN കുട്ടികൾക്ക് അനുരൂപീകരണം<br>➢ സ്കൂൾതല ശാസ്ത്രമേള | വർഷം മുഴുവൻ | സയൻസ് അധ്യാപകർ | പി.ടി.എ |
| 3.നൂതനാശയങ്ങൾ കുട്ടികൾക്ക് പകർന്നു നൽകാൻ | ➢ ഓരോ ക്ലാസിലും ശാസ്ത്രവിസ്മയച്ചുമർ<br>➢ ശാസ്ത്രപുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിലേക്ക്<br>➢ ശാസ്ത്രത്തിലെ പുത്തൻ ആശയങ്ങൾ ഐ.സി.ടി സാധ്യത ഉപയോഗിച്ച് പരിചയപ്പെടുത്തൽ | വർഷം മുഴുവൻ | സയൻസ് അധ്യാപകർ | പി.ടി.എ |

# ഗണിതം യു.പി വിഭാഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.എല്ലാകുട്ടികൾക്കും ഗണി തത്തിലെ ചതുഷ്ക്രിയകൾ അനായാസമായി ചെയ്യാനുള്ള ശേഷി വികസിപ്പിച്ച് ഗണിതപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ | ➢ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>➢ സങ്കലനം<br>➢ വ്യവകലനം<br>➢ ഗുണനപ്പട്ടിക<br>➢ ഗുണനം<br>➢ ഹരണം<br>➢ ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം (1 വർഷക്കാലം) | | പി.ടി.എ |
| 2.കുട്ടികളിൽ ഗണിത താൽപ്പര്യം വർദ്ധിപ്പിക്കാൻ | ➢ ഗണിത ക്ലബ്ബ് രൂപീകരണം<br>➢ ഗണിത ലാബ് സജ്ജീകരിക്കൽ<br>➢ ഗണിത പുസ്തകങ്ങൾ പരിചയപ്പെടൽ<br>➢ ഗണിതകഥകൾ,പസിൽസ്,ഗണിത മാജിക് ഇവയുൾപ്പെട്ട പുസ്തകം ലഭ്യമാക്കൽ<br>➢ ഗണിത കളികൾ സംഘടിപ്പിക്കൽ<br>➢ ഗണിതോത്സവം സംഘടിപ്പിക്കൽ | ജൂൺ മാസം<br>1 മാസം -2 മാസം<br>മാസത്തിലൊരിക്കൽ<br>ഫെബ്രുവരി | | പി.ടി.എ |

| മലയാളം എച്ച്.എസ് വിഭാഗം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനുമുള്ള ശേഷി ഉറപ്പിച്ച് ഭാഷാപരമായപിന്നാക്കാവസ്ഥ പരിഹരിക്കൽ | ➢ അക്ഷരം,ചിഹ്നം ഇവ ഉറപ്പിക്കൽ<br>➢ പദവാക്യനിർമ്മാണം<br>➢ ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 1 മാസം<br>1 മാസം<br>വർഷാവസാനം വരെ തുടരുന്ന പ്രവർത്തനം | മലയാളം ഭാഷാ-ധ്യാപകർ | പി.ടി.എ |
| 2.വായനാശീലം കുട്ടികളിൽ പ്രോത്സാഹിപ്പിക്കാൻ | ➢ ക്ലാസ്സ് ,സ്കൂൾ ലൈബ്രറി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ<br>➢ എഴുത്തുകാർക്കൊപ്പം ലൈബ്രറിയിൽ<br>➢ പത്രവായന – വായന മത്സരം<br>➢ പുസ്തകോത്സവം | ഒരു മാസം മുതൽ ഒരു വർഷം വരെ | ക്ലാസധ്യാപകർ മലയാളം അധ്യാപകർ വിദ്യാരംഗം | പി.ടി.എ |
| 3.കുട്ടികളുടെ സർഗാത്മക വാസന കുടുതൽ മെച്ചപ്പെടുത്താൻ,സാഹിത്യലോകം പരിചയപ്പെടാൻ | ➢ പത്രനിർമ്മാണം<br>➢ കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ<br>➢ ഭാഷയുടെ തീരത്ത് ഇത്തിരിനേരം -വീഡിയോ എപ്പിസോഡ് | മൂന്ന് മാസം കൂടുമ്പോൾ മാസത്തിൽ രണ്ടെണ്ണം | വിദ്യാരംഗം ക്ലാസധ്യാപകർ മലയാളം അധ്യാപകർ | പി.ടി.എ |

| ENGLISH HS SECTION | | | | |
|---|---|---|---|---|
| Aim | Activity | Period | Assigned by | Expense |
| 1.Listening: Give ample opportunities for listening | ➢ Teachers give opportunities for listening to stories, news, etc. | Once a week | English Teachers | Nil |
| 2.Speaking: Gives ample opportunities for speaking | ➢ Teacher gives a topic in the class and asks children to speak 2-3 minutes about it. | Once a month | English Teachers | Nil |
| 3.Reading: Gives ample opportunities for reading | ➢ Teacher lets students read English newspapers. Encourages students to read English story books | Once a week | English Teachers | Nil |
| 4.Writing: Gives ample opportunities for writing | ➢ Teacher gives the topic and asks to write a story on it. The teacher gives some lines of a poem and asks students to add more lines. | Once a month | English Teachers | Nil |

| ENGLISH HS SECTION | | | | |
|---|---|---|---|---|
| Aim | Activity | Period | Assigned by | Expense |
| 5.Vocabulary building | ➢ Dictation, A vocabulary quiz | Once in two weeks | English Teachers | Nil |
| 6.Grammar practice | ➢ Teacher provides exercises from the textbook on different grammar topics such as tenses, prepositions, conjunctions | Once in two weeks | English Teachers | Nil |
| 7.Magazine | Collect students' works and ask them to make a magazine | Each term | English Teachers | Nil |

| ഹിന്ദി എച്ച്.എസ് വിഭാഗം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷയോട് താല്പര്യം ഉണ്ടാക്കുക, അക്ഷരങ്ങളും പദങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക | ➢ അക്ഷരം,ചിഹ്നം ഉറപ്പിക്കൽ<br>➢ അക്ഷരമാല<br>➢ വാക്കുകളും വാക്യങ്ങളും നിർമ്മിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | പി.ടി.എ |
| 2.ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരങ്ങൾ നൽകൽ | ➢ ഹിന്ദി അസംബ്ലി,ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ<br>➢ ദിനാചരണങ്ങൾ<br>➢ കവിതാലാപനവും ആസ്വാദനവും<br>➢ പോസ്റ്റർ നിർമ്മാണം<br>➢ കവിതയിലെ വരികൾകൂട്ടിച്ചേർക്കൽ<br>➢ വിളംബരം തയ്യാറാക്കൽ<br>➢ വായന മൂല<br>➢ അധിക വായന സാമഗ്രികൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | പി.ടി.എ |

# ഹിന്ദി എച്ച്.എസ് വിഭാഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3.വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതു മായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | ➢ വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>➢ ഐ.സി.ടി സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>➢ CWSN കുട്ടികളുടെ പങ്കാളിത്തം | സെപ്റ്റംബർ, ഒക്ടോബർ | ഹിന്ദി അധ്യാപകർ | പി.ടി.എ |
| 4.പഠനപിന്തുണ ആവശ്യമുള്ളവർക്ക് പിന്തുണ നൽക | ➢ ചെറിയ വായന കാർഡുകൾ പരിചയപ്പെടുത്തൽ. സ്വരം ,വ്യഞ്ജനം, ചിഹ്നം ഇവയുടെ ചാർട്ട്, ചെറിയ കവിത - ആലാപനവും ആസ്വാദനവും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | പി.ടി.എ |

| സോഷ്യൽ സയൻസ് എച്ച്.എസ് വിഭാഗം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.പഠിതാക്കളെ ചരിത്രാവ ബോധമുള്ളവരാക്കാൻ | ➢ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്രാ ധ്യാപകർ | കുട്ടികൾ,പി.ടി.എ |
| 2.ആർജിതമായ സാമൂഹ്യ ശാസ്ത്രവിജ്ഞാനം മറ്റുള്ളവ രിലേക്ക് എത്തിക്കാൻ | ➢ സ്കിറ്റ് അവതരണം - കുട്ടികൾ തയ്യാറാക്കിയ അവതരിപ്പിക്കുന്നു | ഒരു വർഷം മൂന്നെണ്ണം | സാമൂഹ്യശാസ്ത്രാ ധ്യാപകർ | |
| 3.സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുന്ന തിന് | ➢ മേളകൾ സംഘടിപ്പിക്കൽ, ഓരോ ക്ലാസ്സിന്റെയും പങ്കാളിത്തം ഉറപ്പാക്കൽ | ഒരു വർഷം ഒരുതവണ | സാമൂഹ്യശാസ്ത്രാ ധ്യാപകർ | സമ്മാനങ്ങൾ - പി.ടി.എ |
| 4.ജനാധിപത്യം പൗരബോ ധം മൂല്യബോധം ഇവ വളർ ത്തുന്നതിന് | ➢ സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പ് നടത്തുന്നു | പ്രത്യേകത ദിവസം | സാമൂഹ്യശാസ്ത്രാ ധ്യാപകർ | |

| | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 5.സാമൂഹ്യശാസ്ത്രത്തിൽ നിരീക്ഷണം വിശകലനം തുടങ്ങിയവ വളർത്തുന്നതിന് | ➢ ബുള്ളറ്റിൻ ബോർഡിൽ അതാത് ദിവസത്തെ സോഷ്യൽ സയൻസുമായി ബന്ധപ്പെട്ട വാർത്തകൾ പ്രദർശിപ്പിക്കും | വർഷം മുഴുവനും | സാമൂഹ്യശാസ്ത്രാ ധ്യാപകർ | |
| 6.ഭൂപട വായന തലനിർണയം തുടങ്ങിയവ പഠിക്കുന്നതി | ➢ അറ്റ്ലസ് മാപ്പുകൾ ബ്ലോഗ് എക്സ്ട്രാ എന്നിവ പരിചിതമാക്കുന്നു | വർഷം മുഴുവനും | സാമൂഹ്യശാസ്ത്രാ ധ്യാപകർ | പി.ടി.എ |
| | | | | |

# ഫിസിക്സ്,കെമിസ്ട്രി എച്ച്.എസ് വിഭാഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.അത്യന്തം രസകരമായ ശാസ്ത്ര ലോകത്തെക്കുറിച്ച് നിരന്തരമായി അന്വേഷണം നടത്തുവാനും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുമുള്ള ശേഷി നേടുന്നതിന് | ➢ ലഘുപരീക്ഷണങ്ങൾ<br>➢ മോഡൽ നിർമ്മാണം<br>➢ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കൽ<br>➢ ശാസ്ത്രപ്രദർശനം<br>➢ ശാസ്ത്ര മാഗസിൻ പ്രസിദ്ധീകരണം<br>➢ ലാബ് ദിനം<br>➢ ശാസ്ത്ര കോർണർ ശാസ്ത്ര ക്വിസ്<br>➢ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ<br>➢ ശാസ്ത്ര സെമിനാർ | അക്കാദമിക വർഷം<br>ഒരുതവണ<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് പി.ടി.എ<br>പി.ടി.എ |
| | | | | |

| ഫിസിക്സ്,കെമിസ്ട്രി എച്ച്.എസ് വിഭാഗം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 2.സയൻസ് ലാബ് സുസജ്ജമാക്കൽ | ➢ ഹൈസ്കൂൾ ക്ലാസുകളിലേക്ക് പഠന സന്ദർഭങ്ങൾക്ക് അനുയോജ്യമായ പഠനസാമഗ്രികളും ഉപകരണങ്ങളും തയ്യാറാക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | മാനേജ്മെന്റ് |
| ഹൈടെക് വേൾഡ് മാന വികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ➢ ക്ലാസുകളിൽ ശാസ്ത്രലൈബ്രറി<br>➢ പ്രോജക്ട് - ശാസ്ത്രം മനുഷ്യന് നന്മയ്ക്ക്<br>➢ പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടത്തലുകളും പരിചയപ്പെടൽ<br>➢ ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>ഒരു തവണ | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ | പി.ടി.എ<br>പി.ടി.എ |
| | | | | |

| ബയോളജി എച്ച്.എസ് വിഭാഗം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.മഴക്കാല ശുചീകരണം | ➢ സ്കൂളും പരിസരവും ക്ലാസ് മുറികളും സയൻസ് ക്ലബ്ബംഗങ്ങളുടെ നേതൃത്വത്തിൽ വൃത്തിയാക്കൽ<br>➢ പ്ലാസ്റ്റിക്ക് ബോട്ടിലുകൾ ശേഖരിക്കൽ, മഴവെള്ളം കെട്ടിക്കിടക്കാൻ അനുവദിക്കാതിരിക്കൽ<br>➢ ഡ്രൈ ഡേ ആചരിക്കൽ | 4 മാസക്കാലം | ജീവശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബംഗങ്ങൾ | പി.ടി.എ<br>2500/- |
| 2.മഴക്കാല രോഗങ്ങൾ | ➢ മഴക്കാലത്ത് കൊതുക് വർദ്ധിച്ചുണ്ടാകുന്ന ചിക്കൻ ഗുനിയ,ഡെങ്കിപ്പനി എന്നീ രോഗങ്ങളെക്കുറിച്ച് കുട്ടികൾക്ക് ബോധവൽക്കരണം നൽകൽ<br>➢ ഡ്രൈ ഡേ ആചരിക്കൽ<br>➢ മഴക്കാല രോഗങ്ങളെ പ്രതിരോധിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഡോക്ടറുടെ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ | മഴക്കാലം | സയൻസ് ക്ലബ്ബംഗങ്ങൾ<br>സയൻസ് അധ്യാപകർ | പി.ടി.എ<br>3500/- |

| ഗണിതം എച്ച്.എസ് വിഭാഗം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.എല്ലാ കുട്ടികളെയും ഗണിതത്തിലെ അടിസ്ഥാന ക്രിയകൾ എളുപ്പത്തിൽ ചെയ്യാൻ പ്രാപ്തരാക്കുക | ➢ ഗുണന പട്ടിക ഹൃദിസ്ഥമാക്കൽ<br>➢ സങ്കലനം,വ്യവകലനം,ഗുണനം,ഹരണം എന്നീ അടിസ്ഥാന ക്രിയകൾ ഊട്ടിയുറപ്പിക്കുന്നതിനായി പരിശീലന പ്രശ്നങ്ങൾ ചെയ്യിപ്പിക്കൽ<br>➢ ഗണിത ആശയങ്ങൾ ഉപയോഗിച്ച് നിത്യ ജീവിതത്തിലെ പ്രശ്നനിർദ്ധാരണത്തിന് സഹായിക്കൽ<br>➢ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പിയർ ഗ്രൂപ്പ് സഹായത്തോടെ പ്രത്യേക പരിശീലനം നൽകൽ<br>➢ കളികളിലൂടെയുള്ള ഗണിത പഠനം<br>➢ ഗണിത മാസിക തയ്യാറാക്കൽ<br>➢ മറ്റു വിഷയങ്ങളിലുള്ള ഗണിതത്തിന്റെ സ്വാധീനം കണ്ടെത്തൽ | 2 മാസം<br><br>1 വർഷക്കാലം | ഗണിതാധ്യാപകർ<br><br>ഗണിതാധ്യാപകർ | പി.ടി.എ |
| 2.ഉൾച്ചേർന്ന വിദ്യാഭ്യാസം പ്രാവർത്തികമാക്കുക | ➢ പഠന നിലവാരത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി വരകളിലൂടെയുള്ള പഠന പ്രവർത്തനങ്ങൾ നൽകുക<br>➢ അബാക്കസ് പോലെയുള്ളതും നൂതന | അധ്യയന വർഷം മുഴുവൻ | ഗണിതാധ്യാപകർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| | സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ളതുമായ പഠനരീതി അവലംബിക്കുക<br>➢ ചിത്രങ്ങളുടെയും മോഡലുകളുടെയും സഹായത്താൽ ജാമിതീയ രൂപങ്ങളെ പരിചയപ്പെടുത്തൽ<br>➢ ഒറിഗാമി പോലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ | അധ്യയന വർഷം മുഴുവൻ | ഗണിതാധ്യാപകർ | പി.ടി.എ |
| | | | | |

| ഫിസിക്കൽ എഡ്യുക്കേഷൻ യു.പി, എച്ച്.എസ് വിഭാഗങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.പ്രധാനമായും ക്രിക്കറ്റ് ഫുട്ബോൾ ,വോളിബോൾ ഈ മൂന്ന് കായിക വിനോദങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുക | ➢ ഓരോ ഗെയിമിനു മുമ്പും അതിനുശേഷവുമുള്ള വ്യായാമമുറകളായ വാമിങ് അപ്പ്, കൂളിംഗ് ഡൗൺ എക്സർസൈസുകൾ കുട്ടികളെ പഠിപ്പിക്കൽ<br>➢ ഓരോ ഗെയിമിനെ പറ്റിയും കുട്ടികൾക്ക് വിശദീക രണം നൽകുകയും ആ ഗെയിമിന്റെ നിയമങ്ങളെ പറ്റി പഠിപ്പിക്കുകയും ഗെയിമിന്റെ സ്കില്ല്, ഗെയിം കളിക്കുന്നതിനു മുൻപും ശേഷവുമുള്ള വ്യായാമരീ തികൾ എന്നിവയെല്ലാം വിശദമായി കുട്ടികൾക്ക് പഠിപ്പിച്ചു കൊടുക്കൽ | അധ്യയന വർഷം | ഫിസിക്കൽ എഡ്യുക്കേഷൻ അധ്യാപകൻ | പി.ടി.എ |
| | | | | |

| ഫിസിക്കൽ എഡ്യുക്കേഷൻ യു.പി, എച്ച്.എസ് വിഭാഗങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 2.ആരോഗ്യകായിക വിദ്യാഭ്യാസത്തെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക | ➢ ആരോഗ്യ കായിക വിദ്യാഭ്യാസത്തെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുകയും നിത്യജീവിതത്തിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിൻറെ ആവശ്യങ്ങൾ, ആവശ്യകതകൾ കുട്ടികളിലേക്ക് എത്തിക്കുകയും അതോടൊപ്പം കായിക മേഖലയിലുള്ള ഓരോ അവസരങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുകയും ചെയ്യും | 1 വർഷക്കാലം | ഫിസിക്കൽ എഡ്യുക്കേഷൻ അധ്യാപകൻ | പി.ടി.എ |
| | | | | |

# കലാവിദ്യാഭ്യാസം യു.പി, എച്ച്.എസ് വിഭാഗങ്ങൾ

ഒരു വ്യക്തിയുടെ വികാസപ്രക്രിയയിൽ കലാ വിദ്യാഭ്യാസത്തിന് അതുല്യമായ സ്ഥാനമാണുള്ളത് .കുട്ടിയുടെ മാനസികവും ഭൗതികവും സാമൂഹികവുമായ വികാസത്തിനും ക്രിയാത്മകമായ ചിന്താശേഷിയ്ക്കും കലാപരമായ ഇടപെടലുകളിലൂടെ വലിയ മുന്നേറ്റം സാധ്യമാകുമെന്ന് പാഠ്യപദ്ധതിയിലൂടെ നാം തിരിച്ചറിയുന്നു .ചിത്രകല ,സംഗീതം ,നൃത്തം, നാടകം, സിനിമ എന്നിങ്ങനെ അഞ്ച് വിഷയങ്ങളിലും ഊന്നിയ സമഗ്രമായ പഠനമാണ് കലാവിദ്യാഭ്യാസത്തിലൂടെ കുട്ടികളിലേക്ക് എത്തുന്നത് .സുകുമാരകലകളിലും പ്രകടനകലകളിലും വിദ്യാർഥികൾക്ക് വേണ്ടവിധം ശോഭിക്കാനും കലകളെയും കലാകാരന്മാരെയും കലാ ഉപകരണങ്ങളെയും തിരിച്ചറിയാനും ലോകത്ത് നടക്കുന്ന കലാപരമായ മാറ്റങ്ങളെ ഉൾക്കൊള്ളാനും കലാപഠനത്തിലൂടെ സാധിക്കുന്നു.ഉപരിപഠനത്തിലും തൊഴിൽ മേഖലയിലും വിദ്യാർഥികളെ എത്തിക്കുവാൻ പ്രാപ്തമാക്കുന്നതിനും അതിന് തയ്യാറെടുക്കുവാനും ഈ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പഠന പ്രവർത്തനങ്ങൾ സഹായകമാകുന്നു സർവ്വോപരി കുട്ടികളിലെ കലാസാംസ്കാരികമായ ഉന്നതിയിലൂടെ അവരെ സമൂഹത്തിനു വേണ്ടി പ്രവർത്തിക്കുന്ന നന്മയുള്ള മനുഷ്യരായി മാറ്റുകയും ചെയ്യുന്നു

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.കലാപരമായ കഴിവുകൾ വികസിപ്പിക്കുക<br>2.സർഗാത്മക വളർത്തുക<br>3.കലയുടെ മൂല്യനിർണയം പ്രോത്സാഹിപ്പിക്കുക<br>4.കരിയറിനായി തയ്യാറാക്കുക | ➢ ടെക്സ്റ്റ് ബുക്കിലെ പാഠഭാഗങ്ങൾ അധികരിച്ച് വീഡിയോ സ്ലൈഡ് പ്രവർത്തനങ്ങൾ<br>➢ ആർട്ട് ആക്ടിവിറ്റി ക്ലബ്ബ് കലാതൽപരരായ വിദ്യാർഥികളെ ഉൾപ്പെടുത്തി ആർട്സ് ക്ലബ്ബ് വിപുലീകരിച്ചുകൊണ്ടുള്ള പ്രവർത്തനം | ജൂൺ മുതൽ ഫെബ്രുവരി വരെ | ആർട്ട് ടീച്ചർ | |

# കലാവിദ്യാഭ്യാസം യു.പി, എച്ച്.എസ് വിഭാഗങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5 വിവിധ കലാകാരന്മാരെ കുറിച്ച് ദൃശ്യ ബോധ്യം ഉണ്ടാക്കുക അവയുടെ അവതരണ രീതികൾ മനസ്സിലാക്കാൻ സഹായിക്കുക<br>6.പാഠഭാഗങ്ങൾക്കനുസ രിച്ച്സംഗീതം നൃത്തം നാട കം,സിനിമ എന്നീ മേഖല കളിൽ അവബോധം സൃഷ്ടിക്കാൻ | ➢ വർക്ക്ഷോപ്പുകൾ ചലച്ചിത്രപ്രദർശനം ചിത്രപ്രദർശനം ദിനാചരണ പ്രവർത്തനങ്ങൾ<br>➢ വിവിധ കലാ മേഖലകളിൽ പ്രവർത്തിക്കു ന്നകലാപ്രവർത്തകരെ പരിചയപ്പെടു ത്തൽ പുസ്തകപരിചയം<br>➢ കലകളുടെ അവതരണ അവതരണം വിവിധങ്ങളായ പ്രയോഗ രീതികൾ തുടർ അക്കാദമിക് പഠന സാധ്യതകൾ അവയുടെ തൊഴിൽ മേഖലകൾ എന്നിവ വിദ്യാർത്ഥികൾക്ക് പകർന്നു നൽകുന്നു<br>➢ വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാമുകൾ | ജൂൺ മുതൽ മാർച്ച് വരെ<br><br>ജൂലൈ മുതൽ ജനുവരി വരെ | ആർട്ട് ടീച്ചർ,മറ്റ് കലാതല്പരരായ അധ്യാപകർ<br><br>ആർട്ട് ടീച്ചർ മറ്റ് കലാതല്പരരായ അധ്യാപകർ<br><br>ആർട്ട് ടീച്ചർ | പിടിഎ<br><br>പിടിഎ |

| | | | | |
|---|---|---|---|---|
| **വിവരസാങ്കേതിക വിദ്യ യു.പി,എച്ച്.എസ് വിഭാഗം** | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.നൂതന പഠനമാർഗ്ഗങ്ങൾ ആവിഷ്കരിക്കുക<br>2.അധ്യാപകർക്കും വിദ്യാർ ത്ഥികൾക്കും അനുയോജ്യ മായ ഡിജിറ്റൽ പഠന വിഭ വങ്ങൾ ഒരിക്കൽ<br>3.ക്ലാസ് റൂം സാങ്കേതിക വിദ്യാ സൗഹൃദമാക്കുക | ➢ കമ്പ്യൂട്ടർ ലാബ് നവീകരിക്കൽ<br>➢ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന ശാക്തീകരണ പരിപാടികൾ ആവിഷ്കരിച്ച നടപ്പിലാക്കൽ<br>➢ പഠനതന്ത്രങ്ങളും പാഠസൂത്രണവും ഐ.സി.ടി അധിഷ്ഠിതമാക്കൽ<br>➢ ക്ലാസ് മുറികൾ നൂതന രീതികളിൽ സജ്ജീകരിക്കൽ<br>➢ എല്ലാ മേഖലയിലും ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തൽ | 2025-26 അധ്യയനവർഷം | എച്ച്.എം അധ്യാപകർ | പി.ടി.എ മാനേജ്മെന്റ് |
| | | | | |

## ഉൾച്ചേരൽ വിദ്യാഭ്യാസം( പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും ആവശ്യമായ വൈവിധ്യപൂർണ്ണമായ അനുഭവങ്ങൾ ഒരുക്കാൻ<br>2.പഠന നിലവാരം ഉയർത്താൻ<br>3.സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ | ➢ റിസോഴ്സ് അധ്യാപകരുടെ പ്രവർത്തനം ലഭ്യമാക്കൽ<br>➢ പ്രത്യേക പഠനാനുഭവങ്ങൾ ഒരുക്കൽ<br>➢ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ<br>➢ രക്ഷാകർതൃ ബോധവൽക്കരണം<br>➢ കലാകായിക ദിനാചരണങ്ങൾ സംഘടിപ്പിക്കൽ<br>➢ വിനോദയാത്രകൾ സംഘടിപ്പിക്കൽ<br>➢ അനുരൂപീകരണ പ്രവർത്തനങ്ങൾ പാഠാസൂത്രണത്തിൽ ഉൾചേർക്കൽ | അധ്യയന വർഷം മുഴുവൻ | എച്ച്.എം അധ്യാപകർ | പി.ടി.എ |
| | | | | |

| ലഹരി വിമുക്ത പ്രവർത്തനങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.കുട്ടികളെ ലഹരി വിമുക്ത രാക്കുക<br>2.കുട്ടികൾക്ക് ലഹരിക്കെതിരെ ബോധവൽക്കരണം നൽകുക<br>3.ലഹരിയുടെ ദോഷവശങ്ങൾ സമൂഹത്തിലേക്ക് എത്തിക്കുക | ➢ ലഹരി വിമുക്ത ക്ലബ്ബ്പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ<br>➢ എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരെ കൊണ്ടു വന്ന് ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ,മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കൽ<br>➢ ലഹരിക്കെതിരെ റാലി,പോസ്റ്റർ രചന മത്സരങ്ങൾ എന്നിവ നടത്തൽ<br>➢ ലഹരിവിരുദ്ധ ദിനം സമുചിതമായി ആചരിക്കൽ<br>➢ ലഹരി വിരുദ്ധ പ്രതിജ്ഞ - സ്കിറ്റ് പോലുള്ള പരിപാടികൾ സംഘടിപ്പിക്കൽ<br>➢ ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തി ലഹരിയുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന ശാരീരികവും മാനസികവുമായ രോഗങ്ങളെ ക്കുറിച്ച് അവബോധം ഉണ്ടാക്കൽ | അധ്യയന വർഷം മുഴവൻ | എച്ച്.എം<br>അധ്യാപകർ<br>പി.ടി.എ | പി.ടി.എ |

| ക്ലാസ് പി.ടി.എ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്താൻ<br><br>2.രക്ഷകർത്താക്കളുടെ ഗുണാത്മകമായ ഇടപെടലുണ്ടാകുന്നതിന് | ➢ ക്ലാസ് പി.ടി.എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ<br><br>➢ പഠനപുരോഗതി പരിശോധിക്കൽ<br><br>➢ മികവുകളുടെ അവതരണം,പൊതുചർച്ച എന്നിവ സംഘടിപ്പിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ<br><br>ജൂൺ മുതൽ ഫെബ്രുവരി വരെ<br><br>ഓരോ ടേമിലും | അധ്യാപകർ | പി.ടി.എ |

| പോഷകാഹാര പരിപാടി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യമാണ് എന്ന യാഥാർഥ്യം മനസ്സിലാക്കുന്നതിന്<br><br>2.ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെക്കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുന്നതിന്<br><br>3.ഗുണമേന്മയുള്ള ആഹാരങ്ങൾ പരിചയപ്പെടുന്നതിന്<br><br>4.ഫുഡ് ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട തൊഴിൽ സാധ്യതകളെക്കുറിച്ചറിയുന്നതിന് | ➢ ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ<br>➢ കടകളിൽ നിന്നും വീട്ടിൽ നിന്നും കഴിക്കുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ചേരുവ പട്ടികപ്പെടുത്തി അവയുടെ ഗുണദോഷങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കൽ<br>➢ കേരളീയ ഭക്ഷണങ്ങളും പാനീയങ്ങളും പരിചയപ്പെടുത്താൻ മേളകൾ സംഘടിപ്പിക്കൽ<br>➢ പോഷകസമൃദ്ധമായ രുചികരമായ ഭക്ഷണ വിഭവങ്ങൾ ഉൾപ്പെടുത്തി വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം സമൃദ്ധമായ ഉച്ചഭക്ഷണം കുട്ടികൾക്ക് ലഭ്യമാക്കൽ<br>➢ ഫുഡ് ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട തൊഴിൽ ഉദ്ഗ്രഥിത വിഷയം തെരഞ്ഞെടുത്ത കുട്ടികളെ സ്കൂൾ ഉച്ചഭക്ഷണസംവിധാനവുമായി ചേർത്തുകൊണ്ട് ആ മേഖലയെ കുറിച്ച് പ്രായോഗിക പരിജ്ഞാനം സൃഷ്ടിക്കൽ | അധ്യയന വർഷം മുഴുവൻ | സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റി<br>സ്കൂൾ സ്റ്റാഫ്<br>പി.ടി.എ | വിദ്യാഭ്യാസ വകുപ്പ്<br>സ്പോൺസർഷിപ്പ് |

| എസ് ആർ ജി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.അക്കാദമിക് നിലവാരം മെച്ചപ്പെടുത്താൻ<br>2.സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ<br>3.ക്ലാസ് റൂം പഠനാനുഭവങ്ങൾ,മികവുകൾ ,തെളിവുകൾ പഠനനേട്ടം എന്നിവ പങ്കുവെക്കാൻ<br>4.പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ<br>5.പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കാൻ | ➢ എസ് ആർ ജി ചേർന്ന് ക്ലാസ് റൂം പഠനാനുഭവങ്ങൾ,പഠനനേട്ടം,പഠനവിടവ് എന്നിവ അവലോകനം ചെയ്യൽ<br>➢ അക്കാദമിക മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കൽ<br>➢ കൃത്യമായ ഇടവേളകളിൽ വിലയിരുത്തൽ<br>➢ അക്കാദമി തലത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ<br>➢ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ക്ലാസ് പി.ടി.എ സംഘടിപ്പിക്കൽ<br>➢ നിരന്തര മൂല്യനിർണയം,ആത്യന്തിക മൂല്യനിർണയം എന്നിവ പ്രായോഗികമാക്കുന്നതിനുള്ള രീതികൾ വികസിപ്പിക്കൽ<br>➢ പ്രതിമാസ കലണ്ടർ,വിദ്യാലയ മികവുകൾ എന്നിവ മികച്ച രീതിയിൽ തയ്യാറാക്കൽ | പ്രതിമാസം<br><br>അധ്യയന വർഷം മുഴുവൻ | എസ്.ആർ.ജി കൺവീനർ<br>അധ്യാപകർ<br>എച്ച്.എം | പി.ടി.എ |

| ഭൗതികം-കളിസ്ഥലം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കാൻ<br><br>2.കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ച മെച്ചപ്പെടുത്താൻ | ➢ മുഴവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ സൗകര്യങ്ങൾ ഒരുക്കി വിശാലമായ മൈതാനം വിനിയോഗിക്കൽ | അധ്യയന വർഷം മുഴവൻ | പി.ഇ അധ്യാപകൻ<br>അധ്യാപകർ<br>എച്ച്.എം<br>പി.ടി.എ | പി.ടി.എ<br>മാനേജ്മെൻറ് |

| കമ്പ്യൂട്ടർ ലാബ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.വിദ്യാഭ്യാസ ഉപയോഗത്തിനുള്ള പുതിയസാങ്കേതികവിദ്യയുടെ സാധ്യതകൾ ലഭ്യമാക്കാൻ | ➢ മുഴവൻ കുട്ടികൾക്കും നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താൻ കഴിയുംവിധം കമ്പ്യൂട്ടർ പഠനം മികവുറ്റതാക്കുന്നതിനുതകുന്ന കമ്പ്യൂട്ടർ റൂം സജ്ജമാക്കൽ<br>➢ ഒരു ക്ലാസിലെ മുഴവൻകുട്ടികൾക്കും വ്യക്തി ഗതമായി കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള സാഹചര്യം കംപ്യൂട്ടർ ലാബിൽ സജ്ജമാ ക്കൽ | അധ്യയന വർഷം | അധ്യാപകർ<br>എച്ച്.എം<br>പി.ടി.എ | പി.ടി.എ<br>മാനേജ്മെൻറ് |

| സ്കൂൾ ലൈബ്രറി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.കുട്ടികളിലെ വായനാ ശീലം മെച്ചപ്പെടുത്താൻ<br>2.അക്കാദമിക് മേഖലയിൽ വിദ്യാർത്ഥികൾക്ക് വിവര ശേഖരണം നൽകാൻ<br>3.സാഹിത്യാഭിരുചി വളർത്താൻ<br>4.മാനസികോല്ലാസത്തിന് വായന ശീലമാക്കാൻ | ➢ വിദ്യാർത്ഥികൾക്ക് ഏറ്റവും അത്യാവശ്യമായ പ്രസിദ്ധീകരണങ്ങളും പരന്നവായനയ്ക്ക് സഹായിക്കുന്ന പുസ്തകങ്ങളും സൂക്ഷിക്കുന്ന ഒരിടമായി ലൈബ്രറി സജ്ജീകരിക്കൽ<br>➢ കുട്ടികൾക്ക് പ്രിയപ്പെട്ട ഇടമായി ലൈബ്രറിയെ ക്രമീകരിക്കൽ<br>➢ ലൈബ്രറി പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ<br>➢ ലൈബ്രറി പിരീഡുകളിൽ കുട്ടികൾക്ക് ലൈബ്രറിയിൽ വന്നിരുന്നു വായിക്കുവാനുള്ള സാഹചര്യം ഒരുക്കൽ | അധ്യയന വർഷം | ലൈബ്രറി കൺവീനർ<br>അധ്യാപകർ<br>എച്ച്.എം<br>പി.ടി.എ | പി.ടി.എ<br>സ്പോൺസർഷിപ്പ് |

| കുടിവെള്ള വിതരണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കാൻ | ➢ ശുദ്ധജല വിതരണ ശൃംഖലയിലെ ജലം എല്ലാ ടാങ്കുകളിലും എത്തുന്നതിനുള്ള ക്രമീകരണം കൃത്യതപ്പെടുത്തൽ<br>➢ പുതിയ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ<br>➢ കുടിവെള്ളത്തിനായി പ്രത്യേകം സൗകര്യം ഒരുക്കൽ<br>➢ സ്കൂൾ ശുദ്ധജല വിതരണ സംവിധാനത്തിന്റെ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കൽ<br>➢ പ്രവർത്തനം കാര്യക്ഷമമാക്കൽ | അധ്യയന വർഷം | അധ്യാപകർ<br>എച്ച്.എം<br>പി.ടി.എ | പി.ടി.എ<br>സ്പോൺസർഷിപ്പ്<br>മാനേജ്മെൻറ് |

| മാലിന്യ സംസ്കരണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കാൻ<br><br>2.ശൗചാലയസമുച്ചയം ഒരുക്കാൻ | ➢ ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ<br>➢ ഓരോ ക്ലാസിലും വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കൽ<br>➢ ക്ലാസിലെ വരാന്തകളിൽ പൊതുവായി വലിയ വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കൽ<br>➢ കുട്ടികളെ ശരിയായ വിധത്തിൽ മാലിന്യ സംസ്കരണം നടത്തേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തൽ, പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സജ്ജരാക്കൽ<br>➢ മാലിന്യം സംസ്കരിക്കുന്നതിൽ സ്കൂൾ സ്റ്റാഫിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാനും മോണിറ്ററിംഗ് നടത്തുവാനും സമിതി രൂപീകരിക്കൽ<br>➢ സൗകര്യപ്രദമായ സ്ഥലത്ത് ശൗചാലയസമുച്ചയം നിർമ്മിക്കൽ | അധ്യയന വർഷം | സ്റ്റാഫ്<br>അധ്യാപകർ<br>എച്ച്.എം<br>പി.ടി.എ | പി.ടി.എ<br>സ്പോൺസർഷിപ്പ്<br>മാനേജ്മെൻറ് |

# ഉപസംഹാരം

2025-2026 അധ്യയന വർഷത്തേക്കുള്ള സമഗ്രമായ വികസന പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത് .ഈ അക്കാദമിക് മാസ്റ്റർ പ്ലാനിലെ ഓരോ പ്രവർത്തനങ്ങളും എസ് ആർ ജിയിൽ സൂക്ഷ്മതലത്തിൽ അവലോകനം നടത്തി പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കും .പ്രാദേശികവും കാലികവുമായ മാറ്റങ്ങൾ പ്രവർത്തനങ്ങളിൽ വരുത്തേണ്ടിവരും.

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കൃത്യമായ ആസൂത്രണവും വിലയിരുത്തലും ഉറപ്പാക്കണം വിദ്യാലയത്തിലേക്ക് ഏത് സ്രോതസ്സുകളിൽ നിന്ന് ഫണ്ട് ലഭിച്ചാലും നടപ്പിലാക്കുന്നത് വികസന പദ്ധതിയിലെ പ്രവർത്തനങ്ങളാവണം. ജനകീയ പങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കണം. വിദ്യാലയത്തെ ഉന്നതിയിലേക്കെത്തിക്കുക എന്നതാണ് ഈ മാസ്റ്റർപ്ലാന്റിന്റെ ലക്ഷ്യം .

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാ പ്രക്രിയയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണം ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ് .അതിനാൽ കേരളത്തിന്റെ നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് പൊതുവിദ്യാഭ്യാസസംരക്ഷണം.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ അക്കാദമിക നിലവാരം വർദ്ധിപ്പിച്ച് സ്കൂളിൻറെ സർവ്വതോമുഖമായ പുരോഗതി സാധ്യമാക്കണം. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തു സംരക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാ ക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.